സർവ്വോദയം യു.പി. സ്കൂൾ, പോരൂർ
തവിഞ്ഞാൽ പി.ഒ, മുതിരേരി

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി  പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊദുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്

അറിവിനെ സ്കൂളിന്റെ പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്ത് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക, തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടത്. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. അനസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർ പ്ലാൻ പുനർനിർമ്മിക്കേണ്ടതുണ്ട്.

## ദർശനം

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി

പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- സുസ്ഥിര വികസന കാഴ്ചകളിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾക്ക്, ഉദ്യാനം, മൈതാനം.....) എന്നിവ വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രംണെ ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഉഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു.
- പാർശ്വവ്തകരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ, വിദഗ്ദരുടെ ക്ലാസുകൾ, സെമിനാറുകൾ- പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- കാർഷിക ,സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാകുന്ന തരത്തിൽ ഇടപെടലുകൾ നടത്തും
- പ്ലാസ്റ്റിക്- കീടനാശിനികൾ ലഹരിമുക്ത ക്യാംപസുകൾ സൃഷ്ടിക്കുക
- ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും
- പഠനം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പഠന പാക്കേജ് (ജ്യോതിർഗമയ)
- കുട്ടികൾക്കായി ഗൈഡൻസ് , കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും
- ഗോത്രകുടുംബ സംഗമം
- മാനസിക പിരിമുറുക്കങ്ങൾ ഒഴിവാക്കാനും മാനസിക ഉല്ലാസം ലഭിക്കുന്നതിനുമായി സുംബ ഡാൻസ് പരിശീലനം, സഹവാസ ക്യാമ്പ് ഇവ സംഘടിപ്പിക്കുന്നു.

## ഭൗതീകം

- സ്മാർട്ട് ക്ലാസ് റൂം
- ചുറ്റുമതിൽ
- ജൈവ വൈവിധ്യ പാർക്ക് നവീകരണം- ഹരിതവിദ്യാലയം
- ജൈവരീതി, ആരോഗ്യ രീതി
- വ്യക്തി ശുചിത്വം പാലിക്കൽ
- വാട്ടർ ഫിൽറ്റർ
- കളി സ്ഥലം

## സാമൂഹികം

- ശുചിത്വം, എനിക്ക്, നിനക്ക് , സമൂഹത്തിന്
- അറിയാം നമുക്ക് അടുത്ത് അറിയാം
  (സമ്പൂർണ്ണ ഗൃഹസന്ദർശന പരിപാടി)
- അഭയദ
- സ്നേഹ ബക്കറ്റ്
- ലഹരി വിരുദ്ധയജ്ഞം- പുകയില നിരോധിത മേഖല വിദ്യാലയം
- കോർണർ പി.ടി.എ
- ഫുട്ബോൾ പരിശീലനം
- സഹവാസ ക്യാമ്പ്
- സഹവാസ ക്യാമ്പ്
- ബോധവൽക്കരണസെമിനാറുകൾ
- ഹോം ലൈബ്രറി

## വിദ്യാലയ ചരിത്രം

### സർവോദയം യു.പി. സ്കൂൾ പിന്നിട്ട വഴിയിലൂടെ......

വയനാട് ജില്ലിയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ മുതിരേരി പ്രദേശത്ത് 1856 ൽ ഗവ.എൽ.പി. സ്കൂൾ സ്ഥാപിതമായി. എൽ.പി. പഠനശേഷം ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്കായി വളരെ അകലെ സ്ഥിതി ചെയ്യുന്ന യു.പി സ്കൂളിലെത്താൻ കഴിയുമായിരുന്നില്ല. ഈ പ്രയാസം മനസ്സിലാക്കി പ്രദേശവാസിയായ മുടപ്പിനാൽ രാമൻ നമ്പ്യാർ ഒരു യു.പി. സ്കൂൾ ആരംഭിച്ചു. അന്ന് ഓലമേഞ്ഞ ഷെഡുമാത്രമായിരുന്നു ഈ വിദ്യാലയം. ആദ്യത്തെ പ്രധാന അധ്യാപകനായി ഷൊർണൂരിലെ ശ്രീധരൻ മേനോൻ ചുമതലയേറ്റു. ശ്രീധരക്കുറുപ്പ്, ബാലൻ മാസ്റ്റർ, കേളു മാസ്റ്റർ എന്നിവരായിരുന്നു ആദ്യകാല അധ്യാപകർ . 24 ആൺകുട്ടികളും 7 പെൺകുട്ടികളുമാണ്. ആദ്യകാലത്തുണ്ടായിരുന്നത്. പിന്നട് 1989ൽ ഈ സ്ഥാപനത്തിന്റെ മാനേജമെന്റ് ബത്തേരി ബഥനി സിസ്റ്റേഴ്സ് ഏജൻസി ഏറ്റെടുത്തു. മുതിരിരേരിയിലെയും പരിസരപ്രദേശങ്ങളിലെയും കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസം നേടാനുള്ള ഏക ആശ്രയമാണ് ഈ വിദ്യാലയം

**സർവോദയം ഇന്ന്**................

രണ്ട് അധ്യാപകരിലും 31 വിദ്യാർത്ഥികളിലും ഒതുങ്ങി നിന്ന ഓലക്കെട്ടിടത്തിൽ നിന്നും ഇന്ന് കാണുന്ന ഭൗതീക സൗകര്യങ്ങളോടുകൂടി 356 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. 14 അധ്യാപകരും ഒരു അനധ്യാപികയും ഇവിടെ സേവനം ചെയ്യുന്നു. എല്ലാവിധ സൗകര്യങ്ങളോടു കൂടിയ ക്ലാസ്മുറികളും സയൻസ് ലാബും കമ്പ്യൂട്ടർ ലാബും പ്രാർത്ഥനാമുറിയും അടുക്കളയോട് ചേർന്നുള്ള ഭക്ഷണശാലയും വിവിധപ്രേദശങ്ങളിൽ നിന്നെത്തുന്ന കുട്ടികൾക്കായി ഒരുക്കിയിട്ടുള്ള സ്കൂൾ ബസ്സും ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ എടുത്തു പറയത്തക്കതാണ്. ഇവിടെ പഠനം നടത്തുന്ന വിദ്യാർത്ഥികൾ വിവിധ വിദ്യാലയങ്ങളിൽ നിന്നും എൽ.പി. പഠനം പൂർത്തിയാക്കിയെത്തുന്നവരാണ്. തികച്ചും നിർധന കുടുംബത്തിൽ നിന്നെത്തുന്നവരാണ് ഇവിടെ പഠിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികളും. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം തവിഞ്ഞാൽ പഞ്ചായത്തിലെ മികവുറ്റതാക്കാൻ സഹായിക്കുന്നത് നല്ലവരായ പ്രദേശവാസികളും രക്ഷിതാക്കളും ജനപ്രതിനിധികളും വിദ്യാഭ്യാസ പ്രവർത്തകരുമാണ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളോടൊപ്പം കുട്ടികളെ ധാർമ്മിക മൂല്യമുള്ളവരും ജനസേവകരും ജീവകാരുണ്യപ്രവർത്തകരും പരിസ്ഥിതി സ്നേഹികളും ആക്കിത്തീർക്കാനുള്ള പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. അക്ഷരത്തിലൂടെ അറിവു നേടുക മാത്രമല്ല ഒരു പ്രദേശത്തിന്റെ മുഴുവൻ ജീവിത രീതികളെയും മാറ്റി മറിക്കാൻ ഒരു സമൂഹത്തിനു കഴിയും എന്നതിന്റെ

തെളിവാണ് സർവോദയം യു.പി. സ്കൂൾ. പാർശ്വവ്തകരിക്കപ്പെട്ടവരും ശയ്യാവലംബരും ഭിന്നശേഷിയുള്ളവരും സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവോടെ നന്മപ്രവർത്തനങ്ങളിലൂടെ മുന്നേറുവാൻ ഞങ്ങൾക്ക് സാധിക്കുന്നു. ഞങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും അക്കാദമിക മികവിന് മാറ്റുകൂട്ടുന്നവയാണ് എന്നത് അഭിമാനത്തോടെ ഓർക്കുന്നു.......

## മറ്റുപ്രവർത്തനങ്ങൾ

ആധുനിക കാലഘട്ടത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും പലവിധത്തിലുള്ള മാനസിക സംഘർഷങ്ങൾക്ക് വിധേയരാണ്. അവ പരിഹരിക്കാൻ ഫലപ്രദമായ പഠനാന്തരീക്ഷം വിദ്യാലയത്തിലും വീടുകളിലും ഉറപ്പാക്കാൻ നമുക്ക് കഴിയണം. വ്യക്തമായ ഗൈഡൻസും കൗൺസിലിംഗുകളും നൽകി ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അധ്യാപകരുടെയും സമൂഹത്തിലെ വിദഗ്ധരുടെയും സഹായം ഉറപ്പാക്കുകയും ചെയ്യും

**പ്രശ്നങ്ങൾ**

- 5,6,7 ക്ലാസുകളിലെ കുട്ടികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക സമ്മർദ്ധങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വൈകാരിക പിന്തുണയും മാർഗ്ഗ നിർദ്ദേശങ്ങളും അതാത് സമയങ്ങളിൽ നൽകാൻ കഴിയുന്നില്ല
- ഉപരിപഠന സാധ്യത കുറയുന്നു
- നവമാധ്യമങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കാൻ കഴിയാത്തത്
- സാമ്പത്തിക പിന്നോക്കാവസ്ഥ

**പരിഹാര നിർദ്ദേശം**

- സമൂഹത്തിലെ മികച്ച കൗൺസിലർമാരെയും വിദഗ്ധരെയും ഉപയോഗപ്പെടുത്തിയുള്ള കൗൺസിലിംഗ്
- വിദ്യാർത്ഥികൾക്ക് വൈകാരിക പിന്തുണ നൽകുന്നതിൽ അധ്യാപകർക്ക് പരിശീലനം
- വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധമുളവാക്കാൻ മോട്ടിവേഷൻ ക്ലാസുകൾ നൽകുന്നു
- മുഴുവൻ രക്ഷിതാക്കളെയും ഉൾപ്പെടുത്തി സെമിനാറുകളും ക്ലാസുകളും നൽകുന്നു. (ആവശ്യമുള്ളവർക്ക് കൗൺസിലിംഗ് നൽകുന്ന)
- വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകൾ അധ്യാപകർ സന്ദർശിക്കുകവഴി രക്ഷിതാക്കളും കുട്ടികളുമായി ആത്മബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു

  **(അറിയാം... നമുക്ക് അടുത്തറിയാം....)**

  **സമ്പൂർണ്ണ ഗൃഹസന്ദർശനം)**
- പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അധ്യാപക രക്ഷാകർത്യബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി കോർണർ പി.ടി.എ സംഘടിപ്പിക്കുന്നു

- എല്ലാവരും ഒന്ന് എന്ന ബോധ്യം ഉളവാക്കുന്നതിനായി ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു (ഓണാഘോഷം, ക്രിസ്തുമസ് ആഘോഷം)
- ഹോംലൈബ്രറി രൂപികരിക്കുന്നതിലൂടെ കുട്ടികളുടെ ഫോൺ ദുരുപയോഗം നിയന്ത്രിക്കുവാൻ സാധിക്കുന്നു.
- നിർധനരായ കുട്ടികളെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവ് ലഭിക്കുന്നതിനായി ഓരോ ആഴ്ചയിലും ഓരോ ഡിവിഷനിലെയും വിദ്യാർത്ഥികൾ വീട്ടിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ സ്നേഹ ബക്കറ്റിൽ നിക്ഷേപിക്കുന്നു. ഇവ ആഴ്ചാവസാനം അർഹരായ വിദ്യാർത്ഥികൾക്ക് നൽകി സഹായിക്കുന്നു
- ഭിന്നശേഷിയുള്ള കുട്ടികളും മുതിർന്നവരും വീടിന്റെയും സമൂഹത്തിന്റെയും ഭാഗമാണെന്ന തിരിച്ചറിവ് ലഭിക്കുന്നതിനായി അത്തരം കുട്ടികളുടെ വീടുകളും സ്ഥാപനങ്ങളും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സന്ദർശിക്കുകയും ചെയ്യുന്നു.
- പാർശ്വവ്തകരിക്കപ്പെടുന്നവർ സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ലഭിക്കുന്നതിനായി കുട്ടികളുടെയും അധ്യാപകരുടെയും വീടുകളിൽ ഉപയോഗിക്കാതെ ബാക്കി വരുന്ന മരുന്നുകൾ എക്സ്പയർ തീയതി കഴിയാത്തത് ശേഖരിക്കുകയും അവ തവിഞ്ഞാൽ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് സംഘടനയ്ക്ക് എത്തിച്ചുനൽകുകയും ചെയ്യുന്നു.
- അശരണരെയും ആലംബഹീനരെയും സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ ആഴ്ചയിൽ 2 രൂപയെങ്കിലും അതാത് ക്ലാസുകളിൽ വെച്ചിരിക്കുന്ന പെട്ടികളിൽ നിക്ഷേപിക്കുന്നു. ഈ തുക വർഷാവസാനം അർഹരായ വ്യക്തികൾക്ക് നൽകുന്നു.
- എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പാക്കേജ് തയ്യാറാക്കി നടപ്പിലാക്കുന്ന (ഇ ജ്യോതിർഗമയ)
- സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്ന വിദ്യാലയ പരിസരത്തെ പുല്ലാര കരിമത്തിൽ കോളനികൾ ദത്തെടുത്ത് അവരെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.
- വിദ്യാലയത്തിലും വിദ്യാലയ പരിസരത്തും പുകയില വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അവതടയാനുള്ള മാർഗ്ഗം രൂപീകരിക്കുകയും അധികാരികളെ ◌ാറിയിക്കു കയും ചെയ്യുന്നു.

## തനതു പ്രവർത്തനം 2025 – 2026

## ബാഗ്ലെസ് ഡേ

2025 - 2026 വർഷത്തെ തനതുപ്രവർത്തനവുമായി ബാഗ് ലെസ് ഡേ ആക്കാമെന്ന എസ്. ആർ.ജി തീരുമാനം

**ലക്ഷ്യം**

കുട്ടികളിൽ ഉറങ്ങികിടക്കുന്ന വ്യത്യസ്തങ്ങളായ സർഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം കായിക ക്ഷമത ഉത്തേജിപ്പിക്കുന്നതിനും അതിലൂടെ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും വിവിധ മത്സര പരിപാടികളിൽ പങ്കെടുത്ത് കഴിവ് തെളിയിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

## പ്രവർത്തനങ്ങൾ

എല്ലാമാസത്തിലും നിശ്ചയിക്കപ്പെട്ട ദിവസം കുട്ടികൾ പഠനപ്രവർത്തനങ്ങളിൽ നിന്നും മുക്തരാവുന്നു.

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനായി പ്രഥമ പ്രവർത്തനമായി ടാലന്റ് ഭേനടത്തുന്നു.

ഡാൻസ്, കഥ,കവിത, എഴുത്തുകൾ, ചിത്രരചന,പെൻസിൽ, ജലച്ഛായം, നാടൻ പാട്ടുകൾ, നാടകരചന, അഭിനയം മുതലായവ

Sports (Runrace, Long jump, High Jump, Shotput, Football etc)

**പ്രവൃത്തിപരിചയം**

ജ്യാമിതീയ രൂപങ്ങളുടെ നിർമാണം, ഫോബ്രിക് പെയിന്റ്, വെജിറ്റബിൾ പ്രിന്റിംഗ്, വേസ്റ്റ് മെറ്റീരിയൽസ് നിർമാണം മാതലായവ

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

## സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷ യുടെ അടിസ്ഥാ നശേഷി വികസ നം. ആശയ സംവേ ദനം നട ത്താനും പഠിതാ ക്കളെ പ്രാപ്തരാ ക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അനുഭവ ങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭ വകുറിപ്പ്) അവതരിപ്പിക്കുന്നു.<br><br>**ഭാഷകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ച രിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ<br><br>ജൂൺ<br><br>ജൂൺ | മലയാളം ഭാഷാധ്യാപകർ<br><br>മലയാളം ഭാഷാധ്യാപകർ<br><br>മലയാളം ഭാഷാധ്യാപകർ | | |
| 2 | പഠിതാ വിൽ അർത്ഥ പൂർണ്ണ മായ വായന ഉറപ്പു വരുത്തു ന്നു. | **വാർത്താ ലോകത്തേക്ക്**<br>പത്രം, ആഴ്ച പതിപ്പ്, മാസിക കൾ എന്നിവ പഠിതാക്കൾ വായി ക്കാനും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>**വാർത്താ വായന**<br>നവ മാധ്യമങ്ങളുടെ സഹായ ത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തല ത്തിൽ വായന നടത്തി തിരഞ്ഞെ ടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | എല്ലാ ദിവസവും<br><br>പ്രതി മാസം | മലയാളം ഭാഷാധ്യാപകർ<br><br>മലയാളം ക്ലബ്ബ് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

## സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ 3 പ്രാവശ്യം | മലയാളം ക്ലബ്ബ് | | |
| 3 | സാഹിത്യ കൃതികളോടും സാഹത്യ കാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി സർഗശേഷി വളർത്തൽ | **സംവാദം / മുഖാമുഖം**<br>സാഹത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | ജൂലൈ | മലയാളം അധ്യാപകർ | പി.ടിഎ | |
| 4 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിഎടുക്കലും സർഗാത്മ ശേഷി വളർത്തലും | **ഇ – കംമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>* മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ രംഗാവിഷ്കാരം<br>* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽ കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ | 2 വർഷം<br>വർഷാവസാനം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

## സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കരാം**<br>* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അംസബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദ്ഗധരായ കലാകാരൻമാരെ പങ്കെടുപ്പിച്ചികൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | പി.ടി.എ | |
| 6 | കുട്ടികളുടെ ആകാശവാണി അവതരണ മികവ് | **ആകാശവാണി അവതരണം**<br>വിശേഷ ദിവസങ്ങളും ദിനാചരങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിലെ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

English

## സ്കൂൾതല പ്രവർത്തനങ്ങൾ

| Sl. No. | Aim | Activities | Month | Respnible Person |
|---|---|---|---|---|
| 1 | To Encourage Listening and Speaking | Intractive Story telling sessions discussing themes, charactors and plots to enchance listening skills<br>Vocabulary games and exercises to build work knowledge | June | English Teacher |
| 2 | To Encourage Reading | Intractive reading Circles;<br>Divide students into small groups and provide them with age-appropriate short stories or novels<br><br>Each group reads the assigned text together and discuss key eliments like plot, charactors, and thems<br><br>Encourage students to take turns reading aloud and share their interpretations and reactions to the text<br><br>Guided reading sessions with comprehension guestions Listening comprehsnsion exercises using audio stories.<br><br>Debates and presentations for advanced speaking practice | June | English Teacher |
| 3 | Deffective Sentence Pattern | Making Sentence Cards<br>Using Sentence Cards in class room<br>Publishing magazines in English<br>English Bullattin<br>Playing equipments for learninbg English | Throughout the year | English Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ

English

## സ്കൂൾതല പ്രവർത്തനങ്ങൾ

| Sl. No. | Aim | Activities | Month | Respnible Person |
|---|---|---|---|---|
| 4 | Language games, Puzzles and activities | Integrate language games and activities to reinforce vocabulary grammar and language skills in an engaging way | Throughtout the year | English Teacher |
| 5 | Assesment and Feedback | use a variety of assesment methods such as quizzes, tests, presentation etc... | Throughtout the year | English Teacher<br>parent<br>PTA |
| 6 | Parent Involove ment | Encourage parents with expecrties in English language teaching Literacy, or language acquisition to share their knowledge and skills with students. | Throughtout the year | English Teacher<br>parent<br>PTA |
| 7 | Defective pronounciation | Audio Video clippings on crrest prononunciation<br>Classes on Phonetics by experts<br>Readers theatre | Throughtout the year | English Teachers |
| 8 | Lack of communication skill | Pramatisation of stories<br>Conducting debates and seminars<br>Conducting English Fest<br>Formation of English club<br>English Assembly | Through out the year | English Teachers |
| 9 | inffiicant vocabulary | Word games<br>Word study using computers<br>Spelling contests<br>Dictionery making using the words of the test book | Through out the year | English Teachers |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**അടിസ്ഥാനശാസ്ത്രം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവ വൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം ജൈവവേലി, കുളകൾ കൊണ്ടുള്ള ഇരിപ്പടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കകൊണ്ടുള്ള ജൈവവൈവിധയ പാർക്ക് പുനഃക്രമീകരണം | ജൂൺ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി.ടി.എ |
| | | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്ര | ജൂലൈ | | രക്ഷിതാക്കൾ |
| 2 | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക അധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ വർദ്ധിപ്പിക്കുക. | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായി വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരണം തയ്യാറാക്കുന്നു. | ആഗസ്റ്റ് | | സയൻസ് ക്ലബ് |
| | | **ശാസ്ത്ര വിസമയചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെക്ക് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**അടിസ്ഥാനശാസ്ത്രം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | **മുഖാമുഖം**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കുന്നു. ശില്പശാല സംഘടിപ്പിക്കുന്നു. | ഒക്ടോബർ | | |
| | | **യൂറേക്ക**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾകൊളളിച്ച് ശാസ്ത്ര ലൈബ്രറി | നവംബർ | | |
| | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെസാധ്യതകളുമായി ശാസ്ത്ര പഠനത്തിനായി പ്രയോജനപെടുത്തുക | **വിസ്മയ യാത്ര**<br>ഐ.സി.റ്റി സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ഡിസംബർ | ശാസ്ത്രാധ്യാകർ | സയൻസ് ക്ലബ്<br>പി.ടി.എ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**അടിസ്ഥാനശാസ്ത്രം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **ശാസ്ത്ര വിസ്മയ ചുവർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | | പി.ടി.എ<br>അധ്യാപകർ | | |
| | യൂറേക്കാ | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾകൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | | ശാസ്ത്ര<br>അധ്യാപകർ | | |
| | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ഐ.സി.റ്റി. സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരൻമാരുടെ ജീവ ചരിത്രങ്ങൾ പാഠ ഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ പ്രദർശനം | | ശാസ്ത്ര<br>അധ്യാപകർ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗണിതം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു സങ്കലനം വ്യവകലനം (കളിക്കാം പടിക്കാം) | ഗണിത ശില്പശാല<br>കളി രീതിയിലുള്ള അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | | |
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല<br>ജപ്പാനീസ് കലയായ ഓറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | | |
| 3 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരം ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ്ബ് പി.ടി.എ | |
| 4 | ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമതിയ രൂപങ്ങൾ പ്രധാന്യം ൻകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗണിതം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | ഗണിത മേഖല യിൽ കുട്ടിക ളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ( മറ്റ് വിദ്യാലയങ്ങ ളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വ ര് ഷ ത്തിൽ 5, 6 തവണ | ഗണിത അധ്യാപകർ | | |
| 6 | ആധു നിക ശാസ്ത്ര സാങ്കേ തിക വിദ്യാ സാധ്യത കൾ ഗണിത പഠനത്തി നായി പ്രയോജ നപ്പെടു ന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതിയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം ഇതുപോ ലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് കുട്ടികളിലേക്ക് എത്തി ക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസ ത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | | |
| 7 | ഗണിത ത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക ളെ മുൻ നിരയി ലെത്തി ക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിര യിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവ്യമായ പ്രവർത്തന ങ്ങൾ നൽകുന്നു. | ആഴ്ച യിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗണിതം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | വിവിധ ശേഷിക ളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെദിനാ ചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പി ക്കുന്നു. | ആവ ശ്യാനു സരണം | എസ്. ആർ.ജി | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**സാമൂഹ്യ ശാസ്ത്രം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | 1) ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് താജ്മഹൽ, ചെങ്കോട്ട, ഹംബി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| | | 2) മനുഷ്യപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളും അവയുടെ സവിശേഷതകളും ഐസിറ്റി ഉപയോഗിച്ച് കണ്ടെത്തുന്നു. | ജൂൺ | | | |
| | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുക. | സൈബർ സുരക്ഷ തരംഗക്ലാസ് സൈബർ സുരക്ഷയെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | ജൂലൈ | | 2000 | |
| 3 | ആശയങ്ങളും സന്ദേശങ്ങളും ലക്ഷ്യങ്ങളും ഉൾകൊണ്ട്കൊണ്ട് റോൾപ്ലേ തയ്യാറാക്കുന്നു. | നവോത്ഥാന നായകനായ കബീർദാസിന്റെ ആശയങ്ങളും സന്ദേശങ്ങളും റോൾ പ്ലേ ആയി തയ്യാറാക്കി അവതരിപ്പിക്കൽ | ജൂലൈ | | | |
| 4 | സ്വതന്ത്രവും നീതി പൂർവ്വകവുമായ തെഞ്ഞെടുപ്പ് രീതി മനസ്സിലക്കുന്നതിന് | സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. | ജൂലൈ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**സാമൂഹ്യ ശാസ്ത്രം** **സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | നിയമങ്ങൾ മനസ്സിലാക്കാൻ നിയമങ്ങളുടെ പ്രവർത്തന രീതി പരിശോധിക്കാൻ ആരും നിയമത്തിന് അധീരരല്ല എന്ന ബോധം ഉണ്ടാക്കാൻ | നിയമബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000 | |
| 6 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭയിലേക്ക് കുട്ടികൾ ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | സെപ്റ്റംബർ | | | |
| 7 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | സ്കൂളിന് സമീപത്തുള്ള വയോജനമന്ദിരങ്ങൾ സന്ദർശിക്കൽ, വസ്ത്രങ്ങൾ സംഘടിപ്പിച്ചുകൊടുക്കൽ, പഠിതാക്കളുടെ വീട്ടിൽ അവശതയനുഭവിക്കുന്നവരെ സഹായിക്കൽ, സമ്പൂർണ്ണ ഗൃഹസന്ദർശനം | ഒക്റ്റോബർ | | | |
| 8 | ഭൂമിയുടെ ഉള്ളറകളിലെ സവിശേഷത മനസ്സിലാക്കുന്നതിന് | ശില്പശാല, ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിക്കുന്നതിന് | നവംബർ | 3000 | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

ഹിന്ദി

### സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 5,6,7 ക്ലാസ് അക്ഷരം ബോധം ഉറപ്പിക്കൽ 5ാം തരം മുതൽ ഹിന്ദി ആരംഭിക്കുന്നതിൽ ഹിന്ദി ഇഷ്ടപ്പെടാനും പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ, ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് (ഐ.സി.റ്റി അക്ഷഅക്ഷര മാല) | ജൂൺ മുതൽ ജൂലൈ വരെ | ഹിന്ദി അധ്യാപിക | | |
| 2 | ഹിന്ദി സംസാരം | ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ക്ലാസിൽ കൂടുതൽ ഹിന്ദി മാത്രം ഉപയോഗിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | | |
| 3 | പത്ര വായന ഭാഷ ലൈബ്രറി | * Readary Fight game നടത്തും ( ടീച്ചർ തെറ്റിച്ചു വായിക്കുന്നു. കുട്ടികൾ ശ്രദ്ധയോടെ അത് നോക്കി ശരിയാക്കി വായിക്കും) * മത്സര വായന നടത്തും തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കുടുതൽ വരി വായിക്കുന്ന ആൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഹിന്ദി**

## സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ഭാഷ പോഷണം | ഹിന്ദി ദിനാചരണം പ്രേംചന്ദ് ജയന്തി ഹിന്ദി അസംബ്ലി | | ഹിന്ദി അധ്യാപിക കുട്ടികൾ | | |
| | പദ സമ്പത്ത് | നിത്യോപയോഗ വാക്കുകൾ ഉറപ്പിക്കൽ (ഒരു വാക്ക് എടുക്കുന്നു) മലയാളം ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലും അതേ അർത്ഥമുള്ള പദം കണ്ടെത്തി നോട്ടീസ് ബോർഡിൽ ഇടുക. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക കുട്ടികൾ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**സംസ്കൃതം**

## സ്കൂൾതല പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്ഷരാവബോധം, ക്ലാസ്സുകളിൽ സംസ്കൃതവുമായി ബന്ധപ്പെട്ട മുന്നറിവുകൾ | സ്ഥിരമായി കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ട് പദങ്ങൾ പറയിപ്പിക്കുന്നു. കവിതകൾ ചൊല്ലിക്കുന്നു. ഐ സി റ്റി ഉപയോഗിച്ച് അക്ഷരമാല ഗീതം കുട്ടികളെ കേൾപ്പിക്കുന്നു. അക്ഷരങ്ങളെ വേർതിരിച്ചറിയുന്നു. | 2 ആഴ്ച്ച | സംസ്കൃത അധ്യാപിക കുട്ടികൾ | | |
| 2 | കുട്ടികൾക്ക് സംസ്കൃത ഭാഷ താത്പര്യം വർദ്ധിപ്പിക്കാൻ അനുദിനം ഉപയോഗിക്കുന്ന വാചകങ്ങളിൽ നിന്ന് സംസ്കൃത പദങ്ങൾ വേർതിരിച്ച് മനസിലാക്കുന്നു | കവിത ചൊല്ലുന്നു. മുൻ പരിചയമുള്ള പദങ്ങൾ കവിതയിൽ നിന്ന് തിരിച്ചറിയുന്നു. | 2 ആഴ്ച്ച | സംസ്കൃത അധ്യാപിക കുട്ടികൾ | | |
| 3 | ഉച്ചാരണം അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു | അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വീഡിയോ സഹായത്തോടെ കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | സംസ്കൃത അധ്യാപിക കുട്ടികൾ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**സംസ്കൃതം**

**സ്കൂൾതല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | പദാവ ബോധം അക്ഷര ങ്ങളും പദങ്ങളും ആശയ ങ്ങളും ഉറപ്പി ക്കുന്നു സംസ്കൃത ഭാഷാസ്വ ദനം | സംസ്കൃത ദിനാചരണം, പോസ്റ്റർ നിർമ്മാണം, ചിത്ര പ്രദർശനത്തി ലൂടെ പദപരിചയം ഗുണ പാഠ കഥകൾ സംസ്കൃത ഗീതങ്ങൾ, സുഭാഷിതങ്ങൾ, കേൾക്കാൻ അവ സരം | ആഗസ്റ്റ് സെപ്തം ബർ | സംസ്കൃത അധ്യാപിക | | |
| 5 | വ്യാക രണ ബോധം | പാഠ ഭാഗവുമായി ബന്ധപ്പെട്ട കേട്ടെഴുത്ത്, പദം പിരിച്ചെഴുതൽ, വിഗ്രഹം | ജൂലൈ ഫെബ്രു വരി | സംസ്കൃത അധ്യാപിക കുട്ടികൾ | | |
| 6 | ദിനാച രണ ബോധം | പോസ്റ്റർ നിർമ്മാണം, ബാഡ്ജ് നിർമ്മാണം, ചാർട്ട് നിർമ്മാണം | ജൂലൈ ഫെബ്രു വരി | സംസ്കൃത അധ്യാപിക കുട്ടികൾ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഉറുദു

## സ്കൂൾതല പ്രവർത്തനങ്ങൾ

### ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | **പഠനം ആനന്ദം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | എച്ച്.എം, |

| | | | | | |
|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | എച്ച്.എം., സബ്ജക്ട് കൗൺസിൽ |